DESPATCHED
On..12/5/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No. 1628 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 14522/SIC-G4/2021)**

**സന്നിഹിതൻ**

ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മേയ് 9

ശ്രീ. ആർ. സിദ്ധാർത്ഥൻ,
കമല നിവാസ് പ്രായിൽ,
സി.എം.സി – 12,
ചേർത്തല പി.ഒ., ആലപ്പുഴ.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
ഡെപ്യൂട്ടി ടൗൺ പ്ലാനർ (വിജിലൻസ് )
തദ്ദേശ സ്വയംഭരണ വകുപ്പ് (വിജിലൻസ് വിംഗ്)
5–ാം നില, സ്വരാജ് ഭവൻ,
തിരുവനന്തപുരം.

3. അപ്പീൽ അധികാരി &,
ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്)
തദ്ദേശ സ്വയംഭരണ വകുപ്പ്,
5–ാം നില, സ്വരാജ് ഭവൻ,
തിരുവനന്തപുരം.
} എതിർകക്ഷികൾ

**അന്തിമ ഉത്തരവ്**

ഹർജിക്കാരന്റെ 26.7.2021–ലെ വിവരാവകാശ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പിലെ എസ്.പി.ഐ.ഒ യ്ക്ക് അയച്ചു കൊടുത്തില്ല, ഹർജിക്കാരൻ ആവശ്യപ്പെട്ടതും, തദ്ദേശസ്വയംഭരണ (ആർ.എ)വകുപ്പിലേക്ക് അയച്ചു കൊടുത്തതുമായ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയില്ല എന്നീ വീഴ്ചകൾക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്ക് കമ്മീഷൻ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ ശ്രീ.അജി ബഷീർ കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ച തീയതി മുതൽ ആയതിന് മറുപടി നൽകുന്നത് വരെ ടി റിപ്പോർട്ട് ലഭ്യമല്ലായിരുന്നുവെന്നും, ടി സെല്ലിൽ തയ്യാറാക്കുന്ന അന്വേഷണ റിപ്പോർട്ടാണ് അംഗീകാരത്തിനും തുടർനടപടികൾക്കുമായി തദ്ദേശ സ്വയംഭരണ വിജിലൻസ് വിംഗിന്റെ ഭരണവിഭാഗമായ തദ്ദേശ സ്വയംഭരണ ആർ.എ/ആർ.ബി വിഭാഗത്തിന്

കൈമാറുന്നതെന്നും എന്നാൽ ടി കാലയളവിൽ അന്വേഷണ റിപ്പോർട്ട് തയ്യാറായിരുന്നില്ല എന്നതിനാലാണ് വിവരാവകാശ നിയമം 6(3) പ്രകാരം ശ്രീ.ആർ. സിദ്ധാർത്ഥന്റെ വിവരാവകാശ അപേക്ഷ തദ്ദേശ സ്വയംഭരണ ആർ.എ/ആർ.ബി. വകുപ്പിന് കൈമാറാതിരുന്നതെന്നും കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് 8.2.2022-ന് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നുമാണ്.

മേൽ വിശദീകരണം വസ്തുതാപരമാണെന്ന് കാണുന്നു. ആയതിനാൽ ടി വിശദീകരണം അംഗീകരിച്ച ഒന്നാം എതിർകക്ഷിയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാനുള്ള താത്ക്കാലിക തീരുമാനം അവസാനിപ്പിച്ചുള്ള ഉത്തരവ് ഇന്നേ ദിവസം 2022 മേയ് 9-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA THIRUVANANTHAPURAM *

RIGHT TO INFORMATION

Shi